**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 418**

**27.02.2018 ലെ മറുപടിയ്ക്ക്**

**<u>എസ്.എൽ.ഐ. പോളിസി ക്ലെയിമുകൾ</u>**

| | ചോദ്യം | ഉത്തരം |
|---|---|---|
| **ശ്രീ.എം. സ്വരാജ്** | | ബഹു: ധനകാര്യവും കയറും വകുപ്പമന്ത്രി<br>**ഡോ: ടി. എം.തോമസ് ഐസക്** |
| **എ** | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ എസ്.എൽ.ഐ. പോളിസി ക്ലെയിമുകൾ തീർപ്പാക്കുന്നതിലുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| **ബി** | എങ്കിൽ കാലതാമസത്തിന്റെ കാരണമെന്തെന്ന് അറിയിക്കുമോ; | കാലാകാലങ്ങളിൽ സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനനുസരിച്ച് സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് പോളിസി തുക ഉയർത്തി നിശ്ചയിക്കാറുണ്ട്. സർവ്വീസ് ചട്ടങ്ങൾ പ്രകാരം മിനിമം പ്രീമിയം നിർബന്ധമായതിനാൽ ജീവനക്കാർ ഒന്നടങ്കം പുതിയ എസ്.എൽ.ഐ പോളിസികൾക്കായി വകുപ്പിനെ സമീപിക്കുന്നു. ഇത് വകുപ്പ് സാധാരണ രീതിയിൽ കൈകാര്യം ചെയ്യുന്ന അപേക്ഷകളുടെ എണ്ണത്തിനും അഞ്ച് മടങ്ങോളം അപേക്ഷകൾ ഉണ്ടാകും. കൂടാതെ വകുപ്പിന്റെ കമ്പ്യൂട്ടർവത്കരണ പ്രവർത്തനങ്ങൾക്കായി ജീവനക്കാരെ നിയോഗിച്ചതിനാൽ ക്ലെയിമുകൾ നൽകുന്നതിൽ താല്ക്കാലികമായ കാലതാമസം ഉണ്ടായി. കമ്പ്യൂട്ടർവൽക്കരണം പൂർണ്ണമാകുന്ന മുറയ്ക്ക് ഈ കാലതാമസം ഒഴിവാകുന്നതാണ്. |
| **സി** | ഇത്തരത്തിൽ എത്ര ക്ലെയിം അപേക്ഷകൾ തീർപ്പാകാതെ നിലവിലുണ്ടെന്ന് ജില്ലതിരിച്ച് അറിയിക്കുമോ; | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ ജില്ലാ ആഫീസുകളിൽ എസ്.എൽ.ഐ ക്ലെയിം അപേക്ഷകൾ തീർപ്പാക്കാത്തത് ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു. |

| *ജില്ല* | *എണ്ണം* |
|---|---|
| തിരുവനന്തപുരം | 1509 |
| കൊല്ലം | 1476 |
| പത്തനംതിട്ട | 383 |
| ആലപ്പുഴ | 826 |
| കോട്ടയം | 580 |

| | |
|---|---|
| ഇടുക്കി | 812 |
| എറണാകുളം | 2039 |
| തൃശ്ശൂർ | 1470 |
| പാലക്കാട് | 122 |
| മലപ്പുറം | 1027 |
| കോഴിക്കോട് | 3955 |
| വയനാട് | 78 |
| കണ്ണൂർ | 866 |
| കാസർഗോഡ് | 264 |

| | | |
|---|---|---|
| ഡി | ക്ലെയിമുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ; | എസ്.എൽ.ഐ. പോളിസി ക്ലെയിമുകൾ തീർപ്പാക്കുന്നതിലുള്ള കാലതാമസം താൽക്കാലികമാണ്. കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായി കഴിയുമ്പോൾ ഈ കാലതാമസം ഒഴിവാകുന്നതാണ്. |
| ഇ | എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണ നടപടികൾ ത്വരിതപ്പെടുത്തി സേവനങ്ങൾ ഓൺലൈൻ ആയി നല്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്. |

അക്കൗണ്ട്സ് ഓഫീസർ